## പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ

## (ഹാജർ- ഗ്രേസ് ജൂലിയറ്റ് മെൻഡസ്സ്)

വിഷയം:- ജീവനക്കാര്യം-സീനിയർ ക്ളർക്കായി താല്കാലിക സ്ഥാനക്കയറ്റം ലഭിച്ച ക്ലാർക്കുമാർക്ക് നിയമനം നൽകിയ ഉത്തരവ് - പരിഷ്കരിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1) 04.04.2007 ലെ ജി.ഒ(എം.എസ്സ്)105/2007 /തസ്വഭവ നം സർക്കാർ ഉത്തരവ്

2)03.03.2008 ലെ ജി.ഒ(എം.എസ്സ്)54/2008/ തസ്വഭവ നം സർക്കാർ ഉത്തരവ്

3) പഞ്ചായത്ത് ഡയറക്ടറുടെ 06.11.2013 ലെ ഇ4-04/2012 നം ഉത്തരവ്

4)ഈ ആഫീസിലെ 11.11.2013ലെ ഇ3.579/13 നമ്പർ ഉത്തരവ്

**ഉത്തരവ്നം.ഇ3-579/13 തീയതി 12.11.2013**

പരാമർശം (1), (2) എന്നിവയുടെ അടിസ്ഥാനത്തിൽ ഭരണപരമായ സൗകര്യം പരിഗണിച്ച് താഴെപ്പറയുന്ന ക്രമ നം 1 പ്രകാരമുള്ള ജീവനക്കാരിയെ ടിയാളുടെ പേരിനുനേരെയുള്ള ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ചും, പരാമർശം (3) പ്രകാരം സീനിയർ ക്ളർക്കായി സ്ഥാനക്കയറ്റം ലഭിച്ച് ജില്ലയിലേക്ക് അലോട്ട് ചെയ്തിട്ടുള്ള താഴെപ്പറയുന്ന ക്രമ നം 2 മുതൽ 7 വരെയുള്ള ജീവനക്കാർക്ക് അവരുടെ പേരിനു നേരെയുള്ള ഓഫീസുകളിലേക്ക് സീനിയർ ക്ളർക്ക് തസ്തികയിൽ നിയമനം നൽകിയും സൂചന(4) പ്രകാരം ഉത്തരവായിരുന്നു. നിശ്ചിത യോഗ്യത നേടിയവരുടെ അഭാവത്തിൽ ടെസ്റ്റ് യോഗ്യത നേടുന്ന ക്ലാർക്കുമാർ ലഭ്യമാകുന്ന മുറയ്ക്ക് താൽക്കാലികമായി സ്ഥാനക്കയറ്റം ലഭിച്ചവരെ തരം താഴ്ത്തുന്നതാണെന്ന നിബന്ധനയ്ക്കു വിധേയമായാണ് ക്രമ നം 2 മുതൽ 7 വരെയുള്ള ജീവനക്കാർക്ക് ടി താല്കാലിക സ്ഥാനക്കയറ്റം നൽകിയിരിക്കുന്നത്. ടി ജീവനക്കാർക്ക് ലഭിച്ചിട്ടുള്ള താല്കാലിക സ്ഥാനക്കയറ്റം പരാമർശം(3) ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി മാത്രമാണ്.

പഞ്ചായത്ത് വകുപ്പിലെ ക്ലാർക്ക് നിയമനം ജില്ലാടിസ്ഥാനത്തിലും സീനിയർക്ലാർക്ക് തസ്തികയിലെ നിയമനം സംസ്ഥാനാടിസ്ഥാനത്തിലുമാകയാൽ ടെസ്റ്റ് യോഗ്യത നേടി സ്ഥാനക്കയറ്റത്തിന് അർഹത നേടുന്ന ക്ലാർക്കുമാർ ഏതു ജില്ലയിൽ നിന്നാണോ ലഭ്യമാകുന്നത് പ്രസ്തുത ജില്ലയിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ച ജൂനിയർമാരായ സീനിയർ ക്ലാർക്കുമാരെ തരംതാഴ്ത്തുകയും ചെയ്യുന്നതാണ്. ഇപ്രകാരം താല്കാലിക സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ, ഭാവിയിൽ ടെസ്റ്റ് യോഗ്യത നേടി പ്രൊബേഷൻ പൂർത്തീകരിച്ച് പ്രസ്തുത വിവരം ഉചിതമാർഗ്ഗേന അറിയിക്കുന്ന പക്ഷം അവർക്ക് ലഭിച്ച താൽകാലിക സ്ഥാനക്കയറ്റം ടെസ്റ്റ് യോഗ്യത നേടിയ തീയതി പ്രാബല്യത്തിൽ ക്രമവത്കരിച്ച് ലഭിക്കാൻ അർഹതയുള്ളതായിരിക്കും.

പരാമർശം (3) ഉത്തരവിലൂടെ ഈ ജില്ലയിൽ നിന്നും താൽകാലിക സ്ഥാനക്കയറ്റം നേടിയ ജീവനക്കാർ, അവർക്കു ലഭിച്ച ഉദ്യോഗക്കയറ്റം പരിത്യജിക്കുകയാണെങ്കിൽ അപ്രകാരമുള്ള അപേക്ഷകൾ ടി ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം ഉചിതമാർഗ്ഗേന ഈ ആഫീസിൽ നൽകേണ്ടതാണ്.

| ക്രമ നം | പേരും നിലവിൽ ജോലി ചെയ്യുന്ന ഓഫീസും | സ്ഥലംമാറ്റി നിയമിക്കുന്ന ഓഫീസ് | റിമാർക്ക്സ് |
|---|---|---|---|
| 1 | മിനി എബ്രഹാം<br>വടശ്ശേരിക്കര ഗ്രാമ പഞ്ചായത്ത് | മലയാലപ്പുഴ ഗ്രാമപഞ്ചായത്ത് (ബിന്ദു. എസ്സ് പ്രസവാവധിയിൽ പ്രവേശിച്ച ഒഴിവിൽ) | ഭരണപരം |
| 2 | ജെ.രാധാകൃഷ്ണപിള്ള<br>റാന്നി പെരുനാട് ഗ്രാമ പഞ്ചായത്ത് | സീതത്തോട് ഗ്രാമ പഞ്ചായത്ത് | അലോട്ട്മെന്റ് |
| 3 | ബാബു നൈനൈൻ<br>അയിരൂർ ഗ്രാമ പഞ്ചായത്ത് | നാറാണംമൂഴി ഗ്രാമ പഞ്ചായത്ത് | അലോട്ട്മെന്റ് |
| 4 | കെ.വൈ. അന്നമ്മ<br>തെൻമല ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല | കോട്ടാങ്ങൽ ഗ്രാമ പഞ്ചായത്ത് | അലോട്ട്മെന്റ് |

| | | | |
|---|---|---|---|
| 5 | അജിത കുമാരി. സി.ആർ<br>പുറമറ്റം ഗ്രാമ പഞ്ചായത്ത് | ചിറ്റാർ ഗ്രാമ പഞ്ചായത്ത് | അലോട്ട്മെന്റ് |
| 6 | റഷീദ്.സി<br>മൈലപ്ര ഗ്രാമ പഞ്ചായത്ത് | വടശ്ശേരിക്കര ഗ്രാമ പഞ്ചായത്ത് (മിനി എബ്രഹാം സ്ഥലം മാറുന്ന ഒഴിവിൽ) | അലോട്ട്മെന്റ് |
| 7 | നാസ്സർ ഷാ.കെ<br>തോട്ടപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത്<br>**(ഡെപ്യൂട്ടേഷനിൽ)** | തോട്ടപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത് **(ഡെപ്യൂട്ടേഷനിൽ തുടരുവാൻ അനുവദിക്കുന്നു)** | അലോട്ട്മെന്റ് |

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ 26.02.2011 ലെ ജി.ഒ(പി)85/2011 ലെ വ്യവസ്ഥകൾ പ്രകാരം ശമ്പള നിർണ്ണയത്തിനുള്ള ഓപ്ഷൻ ബന്ധപ്പെട്ട ഓഫീസ് മേധാവി മുമ്പാകെ ഒരുമാസത്തിനകം സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ ജീവനക്കാരെ അടിയന്തിരമായി വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിപ്പിച്ചതുമായ വിവരങ്ങൾ ഈ ഓഫീസിലും ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലും യഥാസമയം അറിയിക്കേണ്ടതാണ്.

പരാമർശം(4)ലെ ഈ ആഫീസിലെ ഉത്തരവ് മേൽപ്രകാരം പരിഷ്കരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
ഗ്രേസ് ജൂലിയറ്റ് മെൻഡസ്സ്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്- 1) വ്യക്തികൾക്ക്(ബന്ധപ്പെട്ട ഓഫീസ് മേധാവി മുഖേന)
2) സെക്രട്ടറി…………………….ഗ്രാമ പഞ്ചായത്ത്
3) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
4) വെബ് സൈറ്റ്
5) കരുതൽ /അധികം

ആജ്ഞാനുസരണം/അയയ്ക്കുന്നത്

സൂപ്രണ്ട്